**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 322** **27-01-2026 - ൽ മറുപടിയ്ക്ക്**

**ലഹരി മാഫിയകളുടെ പ്രവർത്തനം തടയുന്നതിനായി സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എക്സൈസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന ലഹരി വിരുദ്ധ ക്യാമ്പയിനുകളുടെയും പദ്ധതികളുടെയും വിശദാംശം ലഭ്യമാക്കാമോ; | (എ) | മദ്യത്തിനും മയക്കമരുന്നിനുമെതിരായ ബോധവത്ക്കരണ ക്യാമ്പയിനുകൾ ശക്തിപ്പെടുത്തുന്നതിനും ലഹരി വർജ്ജനം എന്ന ആശയം ഉയർത്തിപ്പിടിക്കുന്നതിനുമായി രൂപീകരിച്ച വിമുക്തി മിഷൻ (കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ) വിവിധ സർക്കാർ വകുപ്പുകളുടെയും, എൻ.എസ്.എസ്, എസ്.പി.സി, എൻ.സി.സി, സ്കൗട്ട്സ് & ഗൈഡ്സ്, ലഹരി വിരുദ്ധ ക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷനുകൾ, കലാകായിക ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹായത്തോടെയും ഏകോപനത്തോടെയും വിവിധങ്ങളായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നു.<br><br>വിമുക്തി മിഷൻ പ്രവർത്തനങ്ങൾ പ്രധാനമായും ബോധവത്കരണം, കൗൺസിലിംഗ്, ലഹരിമുക്ത ചികിത്സ എന്നീ തലങ്ങളിലായാണ് നടപ്പാക്കി വരുന്നത്. ലഹരിയുടെ ദുരുപയോഗം, ദൂഷ്യഫലങ്ങൾ, ലഹരി വസ്തുക്കളെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ, ലഹരിയിൽ നിന്നും ഒഴിഞ്ഞു മാറി നിൽക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, ലഹരി വസ്തുക്കൾക്കെതിരെയുള്ള പ്രതിരോധം എന്നിവയാണ് പ്രധാനമായും ബോധവൽക്കരണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.<br><br>വിദ്യാലയങ്ങളിലെ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിലും, സി.ബി.എസ്.ഇ, കേന്ദ്രീയ വിദ്യാലയങ്ങൾ തുടങ്ങി എല്ലാ വിഭാഗം സ്കൂളുകളിലും ഹൈസ്കൂൾ, ഹയർസെക്കൻഡറി തലങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. പഠനം കഴിഞ്ഞുള്ള സമയം കുട്ടികളുടെ കർമ്മശേഷിയെ ക്രിയാത്മകമായി വിനിയോഗിക്കുന്നതിനും, അവരിലെ കലാപരവും കായികപരവുമായ കഴിവിനെ |

പ്രോത്സാഹിപ്പിക്കുന്നതിനുമായി സ്കൂളുകളിൽ '**ഉണർവ്വ്**' പദ്ധതിയും, ലഹരിവിരുദ്ധ ക്ലബ്ബുകളിലെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായും, കുട്ടികളുടെ കായിക മത്സര ഇനങ്ങളിലുള്ള താൽപ്പര്യം വർദ്ധിപ്പിക്കുന്നതിനുമായി, സ്കൂളുകളിൽ ലഹരിവിരുദ്ധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ "**ടീം വിമുക്തി**" എന്ന പേരിൽ ഒരു പദ്ധതിയും, ലഹരിയുടെ ഉപയോഗം മൂലം വിദ്യാർത്ഥികളുടെ സ്വഭാവത്തിലുണ്ടാകുന്ന മാറ്റങ്ങളും, പെരുമാറ്റ വൈകല്യങ്ങളും അധ്യാപകരുടെ സഹായത്തോടെ കണ്ടെത്തി അവ പരിഹരിച്ച് കുട്ടികളെ ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുതിനായി '**നേർവഴി**' എന്ന പദ്ധതിയും, കുട്ടികളുടെ സ്വഭാവ രൂപീകരണത്തിനും, ജീവിത നൈപുണികൾ സ്വായത്തമാക്കുന്നതിനും കുട്ടികളെ സഹായിക്കുന്നതിനായി പ്രൈമറി ക്ലാസ്സുകളിലെ കുട്ടികളുടെ രക്ഷിതാക്കളെയും അദ്ധ്യാപകരെയും ഉൾപ്പെടുത്തി '**ബാല്യം അമൂല്യം**' എന്ന പദ്ധതിയും രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. ക്രിയാത്മകമായ പ്രവർത്തനങ്ങളിലൂടെ ലഹരിവിരുദ്ധ ബോധവൽക്കരണം നടത്തുന്നതിനായി 2022-2023 വർഷത്തിൽ SCERT യുമായി സഹകരിച്ച് കുട്ടികൾക്കായി "**തെളിവാനംവരയ്ക്കുന്നവർ**" എന്ന പേരിൽ ഒരു കൈപുസ്തകം തയ്യാറാക്കിയിട്ടുണ്ട്.

കോളേജ് തലത്തിൽ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗ സാധ്യതകൾ ഇല്ലാതാക്കുന്നതിന് കോളേജ് ക്യാമ്പസുകളിൽ "**നേർക്കൂട്ടം**" എന്ന പേരിലും കോളേജ് ഹോസ്റ്റലുകളിൽ "**ശ്രദ്ധ**" എന്ന പേരിലും കമ്മിറ്റികൾ രൂപം നൽകി പ്രവർത്തിച്ചു വരുന്നു.

ആദിവാസി തീരദേശ മേഖലകളിലും അതിഥി തൊഴിലാളികളുടെ ഇടയിലും ലഹരിക്കെതിരെയുള്ള വിവിധ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കി വരുന്നു.

ലഹരിക്കടിമപ്പെട്ടവർക്ക് കൗൺസലിംഗ് നൽകുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ 3 മേഖല കൗൺസലിംഗ് സെന്ററുകൾ പ്രവർത്തിച്ച് വരുന്നു. സോഷ്യോളജി, സൈക്കോളജി എന്നീ വിഷയങ്ങളിൽ ബിരുദാനന്തര ബിരുദവും എം.എസ്.ഡബ്ലിയു. യോഗ്യതയുമുള്ള 32 എക്സൈസ് ഉദ്യോഗസ്ഥർക്ക് നിംഹാൻസ് മുഖാന്തിരം കൗൺസിലിംഗ് പ്രവർത്തനങ്ങൾക്കായി പരിശീലനം നൽകി വിമുക്തി മെന്റേഴ്സ് ആയി നിയമിച്ച് വിദ്യാലയങ്ങളിലും

| | | | |
|---|---|---|---|
| | | | വീട്ടുകളിലും കുട്ടികൾക്ക് പ്രാഥമിക കൗൺസിലിംഗ് നൽകി വരുന്നു.<br><br>ലഹരിക്കടിമപ്പെട്ടവർക്ക് ഡീ-അഡിക്ഷൻ ചികിത്സ നൽകുന്നതിനായി വിമുക്തി മിഷന്റെ കീഴിൽ 14 ജില്ലകളിലായി 14 ഡീ-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിച്ച് വരുന്നു. കൂടാതെ തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലും കോഴിക്കോട് ബീച്ച് ആശുപത്രിയിലും സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ഡീ-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിച്ച് വരുന്നുണ്ട്. എറണാകുളം ജില്ലയിൽ സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ഡീ-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | സ്കൂളുകൾ കേന്ദ്രീകരിച്ചുള്ള ലഹരി മാഫിയകളുടെ പ്രവർത്തനം തടയുന്നതിനായി സ്വീകരിച്ച നടപടികളും പദ്ധതികളും വിശദമാക്കാമോ? | (ബി) | സ്കൂളുകൾ കേന്ദ്രീകരിച്ചുള്ള ലഹരി മാഫിയകളുടെ പ്രവർത്തനം തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും സ്കൂൾ പരിസരത്തെ കടകളിൽ ലഹരിവസ്തുക്കൾ വിൽപ്പനയ്ക്കായി സൂക്ഷിച്ചിട്ടില്ല എന്ന് ഉറപ്പു വരുത്തുന്നതിനുള്ള പരിശോധനകൾ നടത്തി വരുന്നു. സ്കൂൾ പരിസരങ്ങളിൽ മഫ്തി പട്രോളിംഗ്, രഹസ്യ നിരീക്ഷണങ്ങൾ എന്നിവയും സ്കൂൾ പരിസരത്തെ ഇടവഴികൾ, പ്രവർത്തനം ഇല്ലാതെ അടച്ചിട്ടിരിക്കുന്ന കെട്ടിടങ്ങൾ, മറ്റുള്ളവരുടെ ശ്രദ്ധയിൽപ്പെടാതെ മറഞ്ഞിരിക്കാൻ പറ്റുന്ന ഇടങ്ങൾ, കുറ്റിക്കാടുകൾ, ഒറ്റപ്പെട്ട സ്ഥലങ്ങൾ എന്നിവിടങ്ങളിൽ പരിശോധനകളും നടത്തി വരികയും ചെയ്യുന്നു. എക്സൈസ് വകുപ്പ് മാത്രമായും, മറ്റ് സർക്കാർ വകുപ്പുകളുമായി ചേർന്നും സ്കൂൾ പരിസരത്ത് വാഹന പരിശോധന ഉൾപ്പെടെയുള്ള പരിശോധനകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. രാവിലെ സ്കൂളുകൾ ആരംഭിക്കുന്നതിന് മുൻപും, സ്കൂൾ കഴിഞ്ഞ ശേഷവും കൃത്യമായ ഇടവേളകളിൽ സ്കൂൾ പരിസരത്ത് പട്രോളിംഗ് നടത്തി വരാറുണ്ട്.<br><br>കുട്ടികൾക്ക് ലഹരിവിരുദ്ധ വിദ്യാഭ്യാസം നൽകുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് **"കൂടെയുണ്ട് കരുത്തേകാൻ"** എന്ന പദ്ധതിയിൽ, ജീവിതമാണ് ലഹരി എന്ന മോഡ്യൂൾ തയാറാക്കി ഹയർ സെക്കണ്ടറി വിഭാഗം അദ്ധ്യാപകർക്ക് സംസ്ഥാന തലത്തിൽ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ ഹൈസ്കൂൾ തലത്തിലും ലഹരിവിരുദ്ധ വിദ്യാഭ്യാസം കുട്ടികളിൽ എത്തിക്കുന്നതിന് ആവശ്യമായ പരിശീലനങ്ങളും ഈ അദ്ധ്യയന വർഷത്തിൽ നൽകി. സ്കൂൾതലത്തിൽ പ്രവർത്തിച്ചു വരുന്ന കൗൺസിലർമാർക്ക് വിമുക്തി |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങളെക്കുറിച്ചും SOP പ്രകാരമുള്ള നടപടികളെകുറിച്ചും അവബോധം നൽകുന്നതിനായി പ്രത്യേക മോഡ്യൂൾ തയ്യാറാക്കി പരിശീലനം നൽകിയിട്ടുണ്ട്.<br><br>ബഹു.ഹൈക്കോടതി ജഡ്ജിമാരുടെ അധ്യക്ഷതയിൽ ചേർന്ന റീജിയണൽ ജ്യൂഡിഷ്യൽ കൊളോക്യം, കുട്ടികളിലെ ലഹരി ഉപയോഗം ഇല്ലാതാക്കുന്നതിന് ഉള്ള പ്രവർത്തനങ്ങൾ മറ്റ് വകുപ്പുകളുമായി ഏകോപിപ്പിച്ച് നടത്താൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ എക്സൈസ്, വനിതാ-ശിശുവികസനം, സാമൂഹ്യനീതി, പോലീസ്, മെഡിക്കൽ എഡ്യൂക്കേഷൻ, ഉന്നത വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളുടെ സഹകരണത്തോടെ കുട്ടികളിലെ ലഹരി ഉപയോഗം കണ്ടെത്തുകയും, ലഹരിയുടെ ഉപയോഗം ഇല്ലാതാക്കുകയും, കുട്ടികൾക്കാവശ്യമായ ബോധവൽക്കരണം, ചികിത്സ എന്നിവ നൽകുക എന്ന ലക്ഷ്യത്തോടെ ഒരു Standard Operating Procedure (SOP) തയ്യാറാക്കിയിട്ടുണ്ട്. SOP പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് അദ്ധ്യാപകതലത്തിൽ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ